"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - 2010-11 മുതൽ 2017-18 വരെയുള്ള വർഷങ്ങളിലെ 9,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അധിക സ്റ്റോക്ക് വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാരെ അറിയിച്ച് , കൈപ്പറ്റ് രസീത് ഹാജരാക്കിയ വിവിധ സൊസൈറ്റികളുടെ കുടിശ്ശിക തുക എഴുതിത്തള്ളുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(കൈ) നം.74/2026/GEDN  തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. 27.03.2023 - ലെ സ.ഉ.(സാധാ) നമ്പർ. 2173/2023/പൊ.വി.വ
2. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19.04.2024 - ന് കൂടിയ യോഗത്തിലെ തീരുമാനം
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.07.2025 - ലെ കത്ത് നമ്പർ. സി.എ 1/112/2024/ടി.ബി.ഒ

**<u>ഉത്തരവ്</u>**

2010-2011 മുതൽ 2017-2018 വരെയുള്ള വർഷങ്ങളിലെ പാഠപുസ്തകങ്ങളുടെ അധിക സ്റ്റോക്ക് വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരെ യഥാസമയം അറിയിച്ച് , തുടർനടപടിയ്ക്കായി റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അധിക സ്റ്റോക്ക് വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരെ യഥാസമയം അറിയിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി ഒഴിവാക്കുന്നത് സംബന്ധിച്ചും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) പ്രസ്തുത ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി പരാമർശം (2) പ്രകാരം കൂടിയ യോഗത്തിൽ നിലവിൽ ലഭ്യമായ അപേക്ഷകളുമായി ബന്ധപ്പെട്ട തുക എഴുതിത്തള്ളുന്നതിന് ശുപാർശ സമർപ്പിക്കുന്നതിനും ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ രേഖാമൂലം അറിയിച്ചിട്ടും (2010-11 മുതൽ 2017—18 വരെയുള്ള കാലയളവിൽ) ഇനിയും വിവരങ്ങൾ സമർപ്പിക്കാത്ത സൊസൈറ്റികൾ ഉണ്ടെങ്കിൽ ആയത് കൂടി ഉൾപ്പെടുത്തി ശുപാർശ സമർപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു

(3) ആയതിന്റെ അടിസ്ഥാനത്തിൽ 13 ജില്ലകളിലായി 54,75,644/- (അൻപത്തി നാല്

ലക്ഷത്തി എഴുപത്തിഅയ്യായിരത്തി അറുനൂറ്റി നാല്പത്തി നാല് രൂപ മാത്രം) രൂപയുടെ കൈപ്പറ്റ് രസീതുകൾ വിവിധ സൊസൈറ്റികൾ ഹാജരാക്കിയിട്ടുള്ളതായും ആയതിനാൽ കൈപ്പറ്റ് രസീത് ഹാജരാക്കിയ വിവിധ സൊസൈറ്റികളുടെ കുടിശ്ശികയായ ടി തുക എഴുതിത്തള്ളുന്നത് സംബന്ധിച്ച കാര്യത്തിൽ തുടർനടപടി സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു . 2010 -11 മുതൽ 2017-18 വരെയുള്ള വർഷങ്ങളിലെ 9,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അധിക സ്റ്റോക്ക് വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാരെ അറിയിച്ച് , കൈപ്പറ്റ് രസീത് ഹാജരാക്കിയ വിവിധ സൊസൈറ്റികളുടെ കുടിശ്ശിക തുകയായ 54,75,644/- (അൻപത്തി നാല് ലക്ഷത്തി എഴുപത്തിഅയ്യായിരത്തി അറുനൂറ്റി നാല്പത്തി നാല് രൂപ മാത്രം) രൂപ എഴുതിത്തള്ളുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ ( എ & ഇ / ആഡിറ്റ് ) , തിരുവനന്തപുരം
3. പാഠപുസ്തക ഓഫീസർ, പാഠപുസ്തക ഓഫീസറുടെ കാര്യാലയം , തിരുവനന്തപുരം
4.പൊതുഭരണ(എസ്.സി)വകുപ്പ്( ഇനം.നമ്പർ.3921 തിയതി 13.03.2026 പ്രകാരം)
5. ധനകാര്യ വകുപ്പ് ( 03.02.2026 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. E 2112505/EDN - B3/122/2022 - FIN പ്രകാരം)
6. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ , ഐ & പി.ആർ.ഡി
7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , കൈറ്റ് , പൂജപ്പുര ( പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sajitha V
Date: 14-03-2026 17:07:14
സെക്ഷൻ ഓഫീസർ

(i) ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
(ii) ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്